## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാചോദ്യം നം. * 212 — 17.06.2019 -ൽ മറുപടിക്ക്

# കേരളത്തിലെ തൊഴിലില്ലായ്മ നിരക്ക്

**ചോദ്യം**

ശ്രീ.റോജി എം. ജോൺ
ശ്രീ.ഷാഫി പറമ്പിൽ
ശ്രീ.വി.ടി.ബൽറാം
ശ്രീ.ഐ.സി.ബാലകൃഷ്ണൻ

**ഉത്തരം**

ശ്രീ. ടി.പി. രാമകൃഷ്ണൻ
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ തൊഴിലില്ലായ്മ നിരക്ക് ഉയർന്ന് നിൽക്കുന്നത് ആശങ്കാജനകമാണെന്നത് പരിശോധിച്ചിട്ടുണ്ടോ; കേരളത്തിലെ തൊഴിലില്ലായ്മ നിരക്ക് ഇന്ത്യയുടെ തൊഴിലില്ലായ്മ നിരക്കിന്റെ ഇരട്ടിയാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഇന്ത്യയിലെ മറ്റ സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിന്റെ തൊഴിലില്ലായ്മ നിരക്ക് ഉയർന്നു നിൽക്കുന്നതായാണ് സ്ഥിതി വിവരകണക്കുകൾ രേഖപ്പെടുത്തുന്നത്. കേരളത്തിന്റെ ജനസംഖ്യ 2011 ലെ സെൻസസ് പ്രകാരം 3.34 കോടിയാണ്. നിലവിലെ കണക്ക് അനുസരിച്ച് കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന തൊഴിൽ രഹിതരുടെ എണ്ണം 35,63,477 ആണ്. 2017-18 ലെ കണക്ക് പ്രകാരം ദേശീയ ശരാശരി തൊഴിലില്ലായ്മ നിരക്ക് 6.1 ആണ്. കേരളത്തിന്റെ ജനസംഖ്യയുടെ 10.67 ശതമാനമാണ് തൊഴിലില്ലായ്മ നിരക്ക്. ദേശീയ തലത്തിൽ ത്രിപുര (19.7), സിക്കിം (18.1) തുടങ്ങിയ സംസ്ഥാനങ്ങളിൽ കേരളത്തിനേക്കാൾ കൂടുതൽ തൊഴിലില്ലായ്മ നിരക്ക് രേഖപ്പെടുത്തിയിട്ടുണ്ട് |
| (ബി) | നൂതനമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ ഈ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ; | (ബി) | നൂതനങ്ങളായ തൊഴിലവസരങ്ങൾ കണ്ടെത്തി ആയതിന് ഉദ്യോഗാർത്ഥികളെ പ്രാപ്തരാക്കുന്ന-തിന് നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ഉദ്യോഗാർത്ഥികൾക്ക് ആവശ്യമായ നൈപുണ്യ പരിശീലനം നൽകുന്നതിന് എംപ്ലോയബിലിറ്റി സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. കരിയർ സംബന്ധമായ എല്ലാ |

| | | | |
|---|---|---|---|
| | | | പ്രശ്നങ്ങൾക്കും ആവശ്യമായ മാർഗ്ഗ നിർദ്ദേശം നൽകുന്നതിന് കരിയർ ഡെവലപ്മെന്റ് സെന്ററുകളും മോഡൽ കരിയർ സെന്ററുകളും ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഇതിനു പുറമെ സ്വകാര്യ മേഖലയിലെ നിലവിലുള്ള തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിന് എംപ്ലോയബിലിറ്റി സെന്ററുകൾ, മോഡൽ കരിയർ സെന്ററുകൾ എന്നിവ മുഖേന ജോബ്ഫെയർ/പ്ലേസ്മെന്റ് ഡ്രൈവ്, മേഖലാടിസ്ഥാനത്തിൽ നിയുക്തി മെഗാ ജോബ് ഫെയറുകളും സംഘടിപ്പിച്ച് വരുന്നുണ്ട്. |
| (സി) | കേന്ദ്ര തൊഴിൽ വകുപ്പ് പുറത്തിറക്കിയ കഴിഞ്ഞ വർഷത്തെ ആനുവൽ എംപ്ലോയ്മെന്റ്-അൺ എംപ്ലോയ്മെന്റ് സർവ്വേ റിപ്പോർട്ട് പ്രകാരം മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ജോലി ചെയ്യുന്ന സ്ത്രീകളുടെ ശതമാനം കേരളത്തിൽ തീരെ കുറവാണ് എന്ന കണ്ടെത്തൽ ഗൗരവമേറിയതല്ലേ; ഇതിന്റെ കാരണം വിശകലനം ചെയ്തിട്ടുണ്ടോ; | (സി) | കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച ലേബർ സ്റ്റാറ്റിസ്റ്റിക്സ് തൊഴിൽ സർവ്വേ പ്രകാരം കേരളത്തിലെ സ്ത്രീ തൊഴിലാളികളുടെ എണ്ണം 30.8% ആയിട്ടാണ് കണക്കാക്കിയിട്ടുള്ളത്. ഇത് ദേശീയ ശരാശരിയായ 23.7% നേക്കാൾ കൂടുതലാണ്. കേരളത്തിലേതിനേക്കാൾ സ്ത്രീതൊഴിലാളികൾ കൂടുതലായി പണിയെടുക്കുന്ന സ്ഥലങ്ങൾ പലതും വടക്ക് കിഴക്കൻ സംസ്ഥാനങ്ങളും ആന്ധ്രാ, തെലുങ്കാന, തമിഴ്നാട്, മഹാരാഷ്ട്ര തുടങ്ങിയ വ്യവസായ നഗരങ്ങൾ ഉൾപ്പെടുന്ന സംസ്ഥാനങ്ങളും കേന്ദ്രഭരണ പ്രദേശങ്ങളുമാണ്. ഇന്ത്യയിലെ ഭൂരിപക്ഷ സംസ്ഥാനങ്ങളായ ആസ്സാം, ബീഹാർ, ഡൽഹി, ഗോവ, ഗുജറാത്ത്, ഹരിയാന, ഹിമാചൽ പ്രദേശ്, ജമ്മു & കാശ്മീർ, ജാർഖണ്ഡ്, മധ്യപ്രദേശ്, ഒറീസ, പഞ്ചാബ്, രാജസ്ഥാൻ, ഉത്തരാഖണ്ഡ്, ഉത്തർപ്രദേശ്, പശ്ചിമ ബംഗാൾ എന്നിവിടങ്ങളിൽ കേരളത്തെക്കാളും താഴ്ന്ന നിലയിലാണ് ജോലി ചെയ്യുന്ന സ്ത്രീകളുടെ ശതമാനം എന്ന് കാണാവുന്നതാണ്.<br>കേരളത്തിൽ സംഘടിത മേഖലയിൽ 2018 ഡിസംബർ മാസത്തെ കണക്ക് അനുസരിച്ച് 12.37 ലക്ഷം പേർ പണിയെടുക്കുന്നതായാണ് സൂചിപ്പിക്കുന്നത്. ഇതിൽ പൊതുമേഖലയിൽ 5.59 ലക്ഷം പേരും സ്വകാര്യ മേഖലയിൽ 6.78 ലക്ഷം പേരുമാണ് തൊഴിൽ എടുക്കുന്നതും. എന്നാൽ പൊതുമേഖലയിൽ സ്ത്രീകളുടെ എണ്ണം 1.92 ലക്ഷം |

| | | | |
|---|---|---|---|
| | | | മാത്രമാണ്. അതായത്, 34.34% ആണ് സ്ത്രീ പങ്കാളിത്തം. എന്നാൽ സ്വകാര്യ മേഖലയിൽ ആകെ പണിയെടുക്കുന്ന 6.78 ലക്ഷം തൊഴിലാളികളിൽ 3.4 ലക്ഷം പേർ സ്ത്രീകളാണ്. ഏതാണ്ട് പകുതിയിൽ കൂടുതൽ സ്ത്രീകളാണ് (50.1%) അതായത് പുരുഷ തൊഴിലാളികളേക്കാൾ 0.1% കൂടുതലാണ്. മേൽ സൂചിപ്പിച്ച കണക്കുകൾ കാണിക്കുന്നത് കേരളത്തിലെ സ്ത്രീ തൊഴിലാളികളുടെ എണ്ണം പ്രസ്തുത റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളതിനെക്കാൾ കൂടുതലാണ് എന്നാണ്. മേൽ സൂചിപ്പിച്ച കണക്കുകളിൽ നിന്നും കേരളത്തിൽ തൊഴിൽ എടുക്കുന്ന സ്ത്രീകളുടെ എണ്ണം തീരെ കുറവാണെന്ന് കണക്കാക്കാൻ സാധിക്കുകയില്ല.<br>മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലെ സ്ത്രീകൾ പൊതുവെ ഉയർന്ന വിദ്യാഭ്യാസ യോഗ്യത നേടിയിട്ടുള്ളവരാണ്. ഇത്തരത്തിൽ ഉയർന്ന വിദ്യാഭ്യാസ യോഗ്യത കൈവരിച്ചവർ അതിനനുസൃതമായ തൊഴിലി-നായി ശ്രമിക്കുന്നത് സ്വാഭാവികമാണ്. ഈ പ്രവണത പൊതു തൊഴിൽ മേഖലയിൽ സ്ത്രീകളുടെ സാന്നിദ്ധ്യം കുറയുന്നതിന് ഇടയാക്കുന്നതായി കാണാവുന്നതാണ്. കേരളത്തിലെ കൂടിയ ജനസാന്ദ്രത, വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള സ്ഥലപരിമിതി, അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം, കൃഷിയിടങ്ങളുടെ കുറവ് എന്നിവ തൊഴിലില്ലായ്മ വർദ്ധിപ്പിക്കുന്നതോടൊപ്പം തൊഴിലിടങ്ങളിൽ സ്ത്രീ സാന്നിദ്ധ്യം കുറയുന്നതിനും കാരണമാകുന്നു. |
| (ഡി) | തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് സുരക്ഷയൊരുക്കാൻ ഈ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; സർക്കാർ സ്വീകരിച്ച നടപടികൾ കാര്യക്ഷമമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ? | (ഡി) | ജോലി സ്ഥലത്ത് സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ തടയുന്നതിനും അവരുടെ അന്തസ്സും സുരക്ഷയും സംരക്ഷിക്കുന്നതിനുമായി തൊഴിലുടമ ഏർപ്പെടുത്തി നൽകേണ്ട സൗകര്യങ്ങളെ സംബന്ധിച്ച് 2018 ലെ കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമ ഭേദഗതിയിൽ വ്യവസ്ഥ ചെയ്യുന്നു. 1961-ലെ കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ചട്ടങ്ങളിലെ ചട്ടം 6 (ബി) പ്രകാരം സ്ഥാപനങ്ങളിൽ കംപ്ലയിന്റ് കമ്മിറ്റി |

| | | | |
|---|---|---|---|
| | | | രൂപീകരിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. 50 തൊഴിലാളികളിൽ കൂടുതൽ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ താമസം, സ്ഥാപനത്തിൽ നിന്നും 25 കിലോമീറ്ററിൽ കൂടുതലാണെങ്കിൽ തൊഴിലുടമ ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തി നൽകേണ്ടതുണ്ട്. സ്ത്രീ തൊഴിലാളികളിൽ അവരുടെ സുരക്ഷ സംബന്ധിച്ച അവബോധം ഉണ്ടാക്കുന്നതിനായി തൊഴിൽ വകുപ്പ് ലഘുലേഖകളും മറ്റും വിതരണം ചെയ്യുന്നുണ്ട്. തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് സുരക്ഷ ഉറപ്പാക്കുന്നത് സംബന്ധിച്ച് സർക്കാർ സ്വീകരിച്ച നടപടികൾ കാര്യക്ഷമമാണെന്ന് മനസ്സിലാക്കുന്നു. നിയമപ്രകാരം ലഭ്യമായ സുരക്ഷാസൗകര്യങ്ങൾ തൊഴിലാളികൾക്ക് ലഭ്യമാകുന്ന കാര്യം ഉറപ്പാക്കുന്നതിന് തൊഴിൽ വകുപ്പ് നിരന്തരമായ സ്ഥാപന പരിശോധനയും നടത്തി വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**